പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1084 — 30.10.2019 -ലെ മറുപടിയ്ക്ക്

# ആരോഗ്യകരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയം മൂലം രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിനു കീഴിൽ താഴെ പറയും വിധത്തിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കരിയർ ഡവലപ്പ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്തെ യുവാക്കൾക്ക് നൈപുണ്യ പരിശീലനവും കരിയർ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി പുതിയ തൊഴിൽ മേഖലകൾക്ക് അനുയോജ്യമാംവിധം യുവാക്കളെ പ്രാപ്തരാക്കുന്നു. ഈ പദ്ധതികളുടെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ബന്ധപ്പെടുത്തി ജോബ് ഫെയറുകൾ/ പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ നടത്തി സ്വകാര്യ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ഉദ്യോഗാർത്ഥികളെ സഹായിക്കുന്നു. കൂടാതെ മേഖലാ അടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ വഴിയും സ്വകാര്യ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നു. 'അതിജീവനം' എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കു മാത്രമായും ജോബ് ഫെയറുകൾ നടത്തുന്നു. ഇത്തരം തൊഴിൽ മേളകൾ സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്.<br><br>കൂടാതെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി 'കൈവല്യ' എന്ന പേരിലും അശരണരായ സ്ത്രീകളുടെ ഉന്നമനത്തിനായി 'ശരണ്യ' എന്ന പേരിലും വകുപ്പ് മുഖേന സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിനോടൊപ്പം എംപ്ലോയ് മെന്റ് |

എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി സഹകരിച്ച് കെസ്റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് എന്നീ വ്യക്തിഗത/ സംയുക്ത സ്വയം തൊഴിൽ പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

ബി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നിയമം പ്രാവർത്തികമാക്കിയെങ്കിലും ഇതര സംസ്ഥാനങ്ങളിൽ ലഭിക്കുന്ന തോതിലുള്ള നിക്ഷേപം ലഭിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

ബി) സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള ഏഴ് നിയമങ്ങളെ ഭേദഗതി വരുത്തിക്കൊണ്ട് കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് - 2018 പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ അടുത്തിടെ നടപ്പിലാക്കിയ വ്യവസായ പരിഷ്കരണ നിയമങ്ങൾക്ക് സമാനമായി കേരളത്തിലും നിയമനിർമ്മാണങ്ങൾക്കുള്ള നടപടികൾ തുടർന്നു വരുന്നു.

സി) സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനു വേണ്ടി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെ അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജുവലറികൾ, ഐ.ടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഗ്രേഡിംഗ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പു വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| വ്യവസായ ബന്ധ സമിതികളുടെ ർത്തനം വിലയിരുത്തിയിട്ടുണ്ടോ; ുത പ്രവർത്തനം ര്യക്ഷമമാക്കുവാൻ നടപടി ീകരിക്കുമോ; വിശദമാക്കാമോ? | ഡി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന 11 വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ ടി സമിതികളൊക്കെ അതത് വ്യവസായ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. ടി സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

11 വ്യവസായ ബന്ധസമിതികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. പ്ലാന്റേഷൻ ലേബർ കമ്മിറ്റി
2. കാഷ്യു വ്യവസായ ബന്ധ സമിതി
3. കയർ വ്യവസായ ബന്ധ സമിതി
4. കള്ള് ചെത്ത് വ്യവസായ ബന്ധ സമിതി
5. സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി
6. മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ബന്ധ സമിതി
7. സപ്ലൈകോ വ്യവസായ ബന്ധ സമിതി
8. ടെക്സ്റ്റൈൽ വ്യവസായ ബന്ധ സമിതി
9. പത്രപ്രവർത്തക വ്യവസായ ബന്ധ സമിതി
10. പാചക വാതക വിതരണ വ്യവസായ ബന്ധ സമിതി
11. കുട്ടനാട് കാർഷിക മേഖല വ്യവസായ ബന്ധ സമിതി

(ഒപ്പ്)

സെക്ഷൻ ഓഫീസർ